**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 326** **10-06-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അവസാനമായി അപേക്ഷ ക്ഷണിച്ചതെന്നാണ്; അപേക്ഷകൾ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണ്; എത്ര ഗുണഭോക്താക്കൾ ആണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | 27.07.2020-ലെ സ.ഉ.(കൈ) 112/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമാണ് ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അവസാ നമായി അപേക്ഷ ക്ഷണിച്ചത്. അപേക്ഷകൾ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പ്രസ്തുത ലിസ്റ്റിൽ അർഹരായ ഭൂമിയുള്ള ഭവനരഹിതരായി 3,69,262 പേരും, ഭൂരഹിത ഭവനരഹിതരായി 1,96,446 പേരും ഉൾപ്പെടെ ആകെ 5,65,708 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2017 ൽ ആണ് ആദ്യം ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത്. 2017-ൽ തയ്യാറാക്കിയ ഭൂമിയുള്ള ഭവന രഹിത ഗുണഭോക്തൃ പട്ടികയിലെ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പട്ടിക ജാതി പട്ടിക വർഗ്ഗ ഫിഷറീസ് വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ അഡീഷണൽ ലിസ്റ്റ് 2019 ൽ തയ്യാറാക്കുകയും അതിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. അതിദരിദ്രരുടെ സർവ്വേയിലൂടെ കണ്ടെത്തിയ വീട് വേണ്ടവർക്കും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| (ബി) | പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ലൈഫ് ഭവന പദ്ധതി പ്രകാരം സഹായം അനുവദിച്ചു നൽകിത്തുടങ്ങിയത് എന്നാണ്; നാളിതുവരെ എത്ര വീടുകൾക്ക് ഈ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സഹായം നൽകിയിട്ടുണ്ട്; ഇതിൽ എത്ര വീടുകൾ പണി പൂർത്തീകരിച്ചു; വിശദമാക്കാമോ; | (ബി) | 15.11.2022-ലെ സ.ഉ.(സാധാ) 2806/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ ഗുണഭോ ക്താക്കൾക്ക് ധനസഹായം അനുവദിച്ചു തുടങ്ങി. 31.05.2024 വരെ ടി ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 94,819 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപന |

| | | | |
|---|---|---|---|
| | | | ങ്ങളുമായി കരാറിലേർപ്പെട്ടുകയും ഇതിൽ 41,281 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ലൈഫ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 31/05/2024 വരെ 5,07,058 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 4,04,278 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 1,02,780 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു |
| (സി) | പ്രസ്തുത വീടുകൾക്ക് ലൈഫ് ഭവന പദ്ധതിയിൽ സഹായം അനുവദിച്ച ഇനത്തിൽ നാളിതുവരെ സർക്കാർ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | ലൈഫ് ഭവനപദ്ധതിയിൽ 2020 ലെ പട്ടികയിൽ നിന്നുള്ള വീടുകൾക്ക് മാത്രമായി 31.05.2024 വരെ സർക്കാർ- തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമിനത്തിൽ 2061.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം സർക്കാർ നൽകുന്ന വികസന ഫണ്ടിൽ നിന്നും കണ്ടെത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം നൽകാൻ മതിയായ ഫണ്ട്( തനത് ഫണ്ട് ഉൾപ്പെടെ) ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക സർക്കാർ ഗ്യാരന്റിയോടെ കെ.യു.ആർ. ഡി.എഫ്.സി മുഖേന ഹഡ്കോയിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ സർക്കാർ നൽകുകയും മുതൽ തിരിച്ചടവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംസ്ഥാന ബജറ്റിൽ നിന്നും അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നും ആനുപാതികമായി ഉറവിടത്തിൽ കുറവ് ചെയ്ത് സർക്കാർ തന്നെ കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയ്ക്ക് നൽകുന്നു. ലൈഫ് ഭവന പദ്ധതിയ്ക്ക് 31/05/2024 വരെ (2081.69 കോടി രൂപ കേന്ദ്ര വിഹിതമുൾപ്പെടെ) 17526.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ